**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** — **09-08-2023 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | പരമ്പരാഗതമായി കേരളത്തിൽ ഉല്പാദിപ്പിച്ച് വരുന്ന കയർ ഉൽപ്പന്നങ്ങൾക്ക് നേരിട്ട വിപണി മാന്ദ്യം മൂലം കയർഫെഡിന്റെയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റേയും ഗോഡൗണുകളിൽ വർധിച്ച തോതിൽ സ്റ്റോക്ക് സംഭരിക്കേണ്ടിവന്നത് കയർ മേഖലയ്ക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നതിന് പ്രധാന കാരണമായി. അയൽ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന ചകിരി/ കയർ വിലയിലെ ഗണ്യമായ കുറവ്, ആഗോള വിപണിയിലുണ്ടായ മാന്ദ്യം എന്നിവയും കേരളത്തിലെ കയർ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് ഈ മേഖലയിൽ ആധുനികവൽക്കരണം നടത്തുന്നതിനും കൂടുതൽ വിപണി കണ്ടെത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സർക്കാർ നിയോഗിച്ച വിദഗ്ധസമിതി അവരുടെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് കൂടി കണക്കിലെടുത്ത്, പരമ്പരാഗത തൊഴിലാളികളുടെ നൈപുണ്യ വികസനവും അതുവഴി കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും സാധ്യമാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുന്നതിനുമായി പരമ്പരാഗത കയർ തൊഴിലാളികൾക്ക് മൂന്ന് മാസം ദൈർഘ്യമുള്ള പരിശീലന പരിപാടിക്ക് 08.07.2023 തീയതിയിലെ സ.ഉ.(സാധാ) നം.702/2023/വ്യവ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പരമ്പരാഗത തൊഴിലവസരങ്ങൾ സംരക്ഷിച്ചു കൊണ്ട് തന്നെ കയർമേഖലയിൽ ആധുനികവൽക്കരണം സാധ്യമാകും വിധം ഇ-റാട്ടുകൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിക്കുകയും പശ്ചാത്തല വികസനം നടത്തുകയും ഉൽപ്പന്ന വൈവിധ്യ വൽക്കരണത്തിനു നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് 2022-23 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 65 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കയറുല്പന്നങ്ങൾക്ക് കൂടുതൽ വിപണി ലഭ്യമാക്കുന്നതിനു അന്താരാഷ്ട്ര-ആഭ്യന്തര മേളകളിൽ പങ്കെടുത്ത് കയർ പൊതുമേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് വിപണനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തുമുള്ള റീട്ടെയിൽ ചെയിൻ സ്റ്റോറുകൾ മുഖേന വില്പന നടത്തുന്നുണ്ട്. കൂടാതെ ആമസോൺ, പെപ്പർഫ്രൈ മുതലായ ഓൺലൈൻ സംവിധാനങ്ങളിലൂടെയും വിപണനം നടത്തി വരുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഷോപ്പിംഗ് കാർട്ട് സൈറ്റ്, ഒ.എൻ.ഡി.സി, കേരള ഇ-കോം മുതലായ വെബ് സൈറ്റുകളുടെ സേവനവും വിപണനരംഗത്ത് പ്രയോജനപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ